'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.92/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2020

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 26.09.2016 തീയതിയിലെ ഇ26(ക്യൂ.വി. 8/15/എൻആർകെ) 35161/14/യുഎ നമ്പർ കത്ത്

2 സർക്കാരിന്റെ 20.04.2017തീയതിയിലെ ഇയു2-292/2016-തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 29.06.2019 തീയതിയിലെ വി2- 10312/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ, കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ 26.12.2010 മുതൽ 06.08.2014 വരെയുള്ള കാലയളവിൽ ഗ്യാൻട്രികളിൽ നിന്നും അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുന്നതിൽ നഗരസഭാ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തത് അനുസരിച്ച്, ടി നഗരസഭയിൽ മേൽ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന റവന്യൂ ഓഫീസർ ആയിരുന്ന ശ്രീ കെ പ്രേമാനന്ദനും റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ എസ്.പി വില്യംസ്, ശ്രീ.പി.ഹരിദാസൻ, ശ്രീ.കെ ഹുസൈൻ ശ്രീ എം.പി രാമൻ, ശ്രീ കെ മോഹൻദാസ്, ശ്രീ രാജൻ കെ.കെ, ശ്രീ പി രവീന്ദ്രൻ, ശ്രീമതി എ. ബിന്ദു, ശ്രീ ബാബു ടി.ടി, ശ്രീ ചന്ദ്രൻ പി.ജി, ശ്രീ കെ.പി മനോജ്, ശ്രീ കേശവൻ എം, ശ്രീ പ്രദീപ്

കുമാർ, ശ്രീ.ടി.ശശിധരൻ, ശ്രീമതി.പി.മിനി, ശ്രീ.എം.സത്യബാബു, ശ്രീമതി.സി.എ വത്സലാകുമാരി എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ /പത്രിക നൽകിയിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നഗരസഭയിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിഷയത്തിനാധാരമായ ഗ്യാൻട്രികളുടെ എണ്ണം 14 ആയിരുന്നുവെന്നും ആയത് നഗരത്തിലെ വ്യത്യസ്ത ഭാഗങ്ങളിലായിരുന്നു നിലവിലുണ്ടായിരുന്നത് എന്നും 2014- ൽ നവംബർ മാസത്തോടെ പഴകി ദ്രവിച്ച് അപകടാവസ്ഥയിൽ ആയ പ്രസ്തുത ഗ്യാൻട്രികൾ നഗരസഭ നീക്കം ചെയ്തിട്ടുള്ളതായി കാണുന്നുവെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ഗ്യാൻട്രി പഴകി ദ്രവിച്ച് അപകടാവസ്ഥയിലായത് സൂചിപ്പിച്ചു കൊണ്ടുള്ള പരാതി 2010- ൽ കോർപ്പറേഷനിൽ രേഖാമൂലം ലഭിച്ചിട്ടുണ്ടായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും പ്രസ്തുത ഗ്യാൻട്രികളിൽ നിന്നും പരസ്യം നീക്കം ചെയ്യുന്നതിന് നഗരസഭാ സെക്രട്ടറി 21.07.2014- ൽ വിളിച്ചു ചേർത്ത മീറ്റിംഗിലെ തീരുമാന പ്രകാരം റവന്യൂ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നതായി നഗരസഭയിലെ എ -37/51447/12 നമ്പർ ഫയലിലെ 04.08.2014- ലെ കുറിപ്പിൽ നിന്നും കാണുന്നതായും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽ ഗ്യാൻട്രികളിൽ അനധികൃതമായി പരസ്യം സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അവ പരിശോധിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് 3 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തി എ-37/67241/11 നമ്പർ ഫയൽ പ്രകാരം 31.01.2012- ന് റവന്യൂ ഓഫീസർ ഉത്തരവായിട്ടുള്ളതായും വ്യക്തമാക്കുന്നുണ്ട്. ആയത് 1,3,4,5,7 സർക്കിളിലെ റവന്യൂ ഇൻസ്പെക്ടർമാർ കൈപ്പറ്റിയിട്ടുള്ളതാണെന്നും ആയത് മറ്റ് റവന്യൂ ഇൻസ്പെക്ടർമാർക്കും ലഭ്യമാക്കിയിട്ടുണ്ടാകുമെന്നും തങ്ങളുടെ പരിധിയിൽ അനധികൃത പരസ്യങ്ങൾ ഇല്ല എന്ന് 1,9 സർക്കിൾ റവന്യൂ ഇൻസ്പെക്ടർമാർ, റവന്യൂ ഓഫീസറുടെ കുറിപ്പിന്മേൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. 31.01.2012- ലെ റവന്യൂ ഓഫീസറുടെ ഉത്തരവിന്റേയും 21.07.2014- ലെ യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഗ്യാൻട്രികളിൽ നിന്നും പരസ്യം നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വിജിലൻസ് റിപ്പോർട്ടിലോ കോർപ്പറേഷൻ രേഖകളിലോ മേൽ 14 ഗ്യാൻട്രികളിലും അനധികൃത പരസ്യങ്ങൾ ഉണ്ടായിരുന്നോ എന്ന് നിലവിൽ

പരിശോധിച്ച് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട് എന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു .

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയുടേയും, വിജിലൻസ് റിപ്പോർട്ടിലോ കോർപ്പറേഷൻ രേഖകളിലോ കുറ്റാരോപണ മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള 14 ഗ്യാൻട്രികളിലും അനധികൃത പരസ്യങ്ങൾ ഉണ്ടായിരുന്നോ എന്ന് നിലവിൽ പരിശോധിച്ച് കണ്ടെത്താൻ സാധിക്കാത്തതാണെന്നുള്ള കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷൻ റവന്യൂ വിഭാഗം ജീവനക്കാരായിരുന്ന ശ്രീ എസ്.പി വില്യംസ്, ശ്രീ പി ഹരിദാസൻ, ശ്രീ കെ ഹുസൈൻ, ശ്രീ എം.പി രാമൻ, ശ്രീ കെ.മോഹൻദാസ്, ശ്രീ.രാജൻ കെ.കെ, ശ്രീ പി.രവീന്ദ്രൻ, ശ്രീമതി എ.ബിന്ദു, ശ്രീ ബാബു ടി.ടി, ശ്രീ ചന്ദ്രൻ പി.ജി, ശ്രീ കെ.പി.മനോജ്, ശ്രീ കേശവൻ എം, ശ്രീ പ്രദീപ് കുമാർ, ശ്രീ ടി. ശശിധരൻ, ശ്രീമതി പി മിനി, ശ്രീ.എം.സത്യബാബു, ശ്രീമതി സി.എ. വത്സലാകുമാരി എന്നീ ജീവനക്കാർക്കെതിരയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതും ടി കാലയളവിൽ റവന്യൂ ഓഫീസർ ആയിരുന്ന ശ്രീ കെ പ്രേമാനന്ദൻ 31.03.18– ാം തീയതി ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ കോഴിക്കോട് നഗരസഭയിൽ നിന്നും വിരമിച്ചിട്ടുള്ള വസ്തുത കണക്കിലെടുത്തും, ടിയാന്റെ മറുപടി പരിഗണിച്ചും, ടിയാന്റെ ഭാഗത്ത് സംഭവിച്ച വീഴ്ച മാപ്പാക്കി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ ജീവനക്കാരുടെ മറുപടി, റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യ ഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചു. 26.10.2010മുതൽ 06.08.2014 വരെയുള്ള കാലയളവുകളിൽ കോഴിക്കോട് നഗരസഭയുടെ പരിധിയിലുള്ള ഗ്യാൻട്രികളിൽ നിന്നും അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിന് ടി കാലയളവുകളിൽ കോഴിക്കോട് നഗരസഭയിലെ റവന്യൂ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന 31 ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്ന് കണ്ടെത്തുകയും ആയതിൽ 18 234പേർക്കെതിരെ വകുപ്പ് തലനടപടിക്ക് ശുപാർശ ചെയ്യുകയുമാണുണ്ടായത്. അതിൻപ്രകാരമാണ് 26.10.2010 മുതൽ 06.08.2014 വരെയുള്ള കാലയളവുകളിൽ റവന്യൂ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന റവന്യൂ ഓഫീസർ ആയിരുന്ന ശ്രീ കെ പ്രേമാനന്ദനും 17 റവന്യൂ ഇൻസ്പെക്ടർമാർക്കുമെതിരെ കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത്. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നഗരസഭയിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിഷയത്തിനാധാരമായ ഗ്യാൻട്രികളുടെ എണ്ണം 14 ആയിരുന്നുവെന്നും ആയത് നഗരത്തിലെ വ്യത്യസ്ത ഭാഗങ്ങളിലായിരുന്നു നിലവിലുണ്ടായിരുന്നത് എന്നും എന്നാൽ വിജിലൻസ്

റിപ്പോർട്ടിലോ കോർപ്പറേഷൻ രേഖകളിലോ മേൽ 14 ഗ്യാൻട്രികളിലും അനധികൃത പരസ്യങ്ങൾ ഉണ്ടായിരുന്നോ എന്ന് നിലവിൽ പരിശോധിച്ച് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശജീവനക്കാരിൽ ആരുടെയൊക്കെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായിട്ടുണ്ട് എന്നത് വ്യക്തമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്

7. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ റവന്യൂ ഓഫീസർ ആയിരുന്ന ശ്രീ.കെ.പ്രേമാനന്ദൻ, റവന്യൂ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ എസ്.പി.വില്യംസ്, ശ്രീ പി. ഹരിദാസൻ, ശ്രീ കെ.ഹുസൈൻ, ശ്രീ എം.പി രാമൻ, ശ്രീ കെ മോഹൻദാസ്, ശ്രീ രാജൻ കെ.കെ, ശ്രീ പി രവീന്ദ്രൻ, ശ്രീമതി എ. ബിന്ദു, ശ്രീ ബാബു ടി.ടി, ശ്രീ ചന്ദ്രൻ പി.ജി .ശ്രീ കെ.പി മനോജ്, ശ്രീ കേശവൻ എം,ശ്രീ പ്രദീപ് കുമാർ, ശ്രീ ടി ശശിധരൻ, ശ്രീമതി.പി.മിനി, ശ്രീ.എം.സത്യബാബു, ശ്രീമതി. സി.എ.വത്സലാകുമാരി എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(19.10.2019 തീയതിയിലെ VIG-D1/722/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ